# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 04.07.2012-ൽ മറുപടിക്ക്

ചോദ്യം നമ്പർ .4884

## <u>പുതിയാപ്പ ഹാർബർ നവീകരണം</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എ. കെ. ശശീന്ദ്രൻ** | | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹാർബർ നവീകരണത്തിന്റെ രണ്ടാം ഘട്ടപ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; | (എ) | പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തികൾക്കായി 800 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി രൂപരേഖ, കേന്ദ്ര കൃഷി വകുപ്പിന്റെ 75% കേന്ദ്ര സഹായ പദ്ധതിയിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ മറുപടി ലഭിച്ചിട്ടുണ്ടോ; വിശദ വിവരം നൽകുമോ? | (ബി) | സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതി രൂപരേഖയിൽ കേന്ദ്ര സർക്കാർ അനുകൂല നിലപാട് സ്വീകരിക്കുമെന്ന് 23.04.2012-ൽ ഡൽഹിയിൽ വച്ച്, ബഹു. കേന്ദ്രകൃഷി വകുപ്പ് മന്ത്രിയുമായി, ബഹു.സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി നടത്തിയ ചർച്ചയിൽ ഉറപ്പ് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ